**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 245** **27-06-2022 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തെ കോവിഡ് വ്യാപനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മാണി. സി. കാപ്പൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഈയിടെയായി കോവിഡ് വ്യാപന നിരക്ക് വർദ്ധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2022 ജനുവരി, ഫെബ്രുവരി മാസങ്ങളിൽ ഒമിക്രോൺ വകഭേദം മൂലമുണ്ടായ മൂന്നാം തരംഗത്തിന് ശേഷം ദിനംപ്രതിയുള്ള കോവിഡ് കേസുകൾ കുറഞ്ഞു വരുകയും മാർച്ച് പകുതിയോടെ ആയിരത്തിൽ താഴെ എത്തുകയും ചെയ്തിരുന്നു. തുടർന്ന് മെയ് രണ്ടാം വാരം വരെ തൽസ്ഥിതി തുടരുകയും അതിന് ശേഷം കേസുകളിൽ നേരിയ വർദ്ധനവുണ്ടാകുകയും ചെയ്തു. |
| (ബി) | കോവിഡ് വ്യാപനം നിയന്ത്രിക്കാൻ എന്തെല്ലാം മുൻകരുതലുകൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ? | (ബി) | 2022 ജനുവരി മുതൽ കോവിഡ് പരിശോധനാ സംവിധാനത്തിൽ മാറ്റം വരുത്തിയിട്ടുണ്ട്. രോഗലക്ഷണങ്ങൾ ഉള്ളവരെയും രോഗം സങ്കീർണ്ണമാകാൻ സാധ്യതയുള്ളവരെയും പ്രാഥമിക സമ്പർക്കപ്പട്ടികയിൽ ഉൾപ്പെട്ടവരെയും പരിശോധിക്കുകയും രോഗം സ്ഥിരീകരിച്ചിട്ടുള്ളവരിൽ പറയത്തക്ക രോഗലക്ഷണം ഇല്ലാത്തവരെയും ചെറിയ തോതിൽ ലക്ഷണങ്ങൾ ഉള്ളവരെയും വീട്ടുകളിൽ തന്നെ നിരീക്ഷിച്ച് ചികിത്സിക്കാനുള്ള സംവിധാനം ഏർപ്പെടുത്തുകയും തീവ്രലക്ഷണങ്ങൾ ഉള്ളവർക്കും പ്രതിരോധശേഷി കുറഞ്ഞവർക്കും മറ്റ് ദീർഘകാല ജീവിതശൈലി രോഗങ്ങൾ ഉള്ളവർക്കും സ്ഥാപനതല ചികിത്സ ഉറപ്പുവരുത്തുകയും ചെയ്തു. കൂടാതെ, വാർഡ് തല ദ്രുതകർമ്മസേന ഗൃഹസന്ദർശനം നടത്തി വീട്ടുകളിൽ ചികിത്സയിലുള്ളവർക്ക് ആവശ്യമായ മരുന്നുകളും മറ്റ് സഹായങ്ങളും നൽകുകയും ചെയ്യുന്നു. മാനസികാരോഗ്യ പിന്തുണയ്ക്ക് വേണ്ടി കൗൺസിലിംഗും സംശയ നിവാരണത്തിനായി ദിശയുടെ സേവനവും ലഭ്യമാക്കിയിട്ടുണ്ട്.<br><br>ഗൃഹനിരീക്ഷണത്തിലിരിക്കുന്നവരിൽ അപായ സൂചനകൾ കാണുന്ന പക്ഷം DPMSU വഴി ചികിത്സാ കേന്ദ്രങ്ങളിൽ എത്തിച്ച് ആവശ്യമായ വിദഗ്ദ്ധ ചികിത്സ ഉറപ്പ് വരുത്തുന്നുണ്ട്. കാൻസർ, |

വൃക്കരോഗം, അവയവ ശസ്ത്രക്രിയയ്ക്ക് വിധേയമായവർ തുടങ്ങിയ പ്രതിരോധശേഷി കുറഞ്ഞ രോഗികൾക്ക് ചികിത്സയുടെ ഭാഗമായി മോണോക്ലോണൽ ആന്റിബോഡി ലഭ്യമാക്കുകയും ചെയ്യുന്നു.

12 മുതൽ 15 വരെ പ്രായമുള്ള കുട്ടികളും 16 മുതൽ 18 വരെ പ്രായമുള്ള കുട്ടികളും ഉൾപ്പെടെയുള്ള എല്ലാ വിഭാഗം ജനങ്ങൾക്കും വാക്സിൻ നൽകി വരുന്നു. സ്കൂളുകളിൽ വാക്സിൻ നൽകുന്നതിനും 60 വയസ്സിനു മുകളിൽ പ്രായമുള്ളവർക്കും ആരോഗ്യ പ്രവർത്തകർ ഉൾപ്പെടെയുള്ള മുന്നണി പോരാളികൾക്കും മൂന്നാം ഡോസ് വാക്സിൻ നൽകുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു. കൂടാതെ, കേന്ദ്ര സർക്കാരിന്റെ മാർഗ്ഗനിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ 18-59 വയസ്സ് പ്രായമുള്ളവരിൽ 2-ാം ഡോസ് വാക്സിൻ ലഭിച്ച് 9 മാസം കഴിഞ്ഞവർക്ക് മുൻകരുതൽ ഡോസ് വാക്സിൻ സ്വകാര്യ കോവിഡ് വാക്സിനേഷൻ സെന്ററുകൾ വഴി നൽകുന്നതിനുള്ള നടപടികളും സ്വീകരിച്ചു. സ്കൂളുകൾ തുറന്ന സാഹചര്യത്തിൽ വിദ്യാഭ്യാസ വകുപ്പിന്റെ സഹകരണത്തോടെ ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ ബോധവത്കരണ പ്രവർത്തനങ്ങളും പരിശീലന പ്രവർത്തനങ്ങളും നടത്തുന്നുണ്ട്. ഡോക്ടർമാർക്ക് ചികിത്സാ മാർഗ്ഗങ്ങൾ സംബന്ധിച്ച പരിശീലനവും ആരോഗ്യസ്ഥാപനങ്ങളിൽ ആരോഗ്യ പ്രവർത്തകർക്ക് അണുനശീകരണ പ്രവർത്തനങ്ങളും അത് സംബന്ധിച്ച പരിശീലനങ്ങളും നൽകുകയുണ്ടായി. കൂടാതെ, എല്ലാ പൊതുസ്ഥലങ്ങളിലും ഒത്തുചേരലുകളിലും ജോലി സ്ഥലങ്ങളിലും മാസ്ക് നിർബന്ധമായും ധരിക്കണമെന്നും കോവിഡ് ഉചിത പെരുമാറ്റം പാലിക്കണമെന്നും ദുരന്ത നിവാരണ വകുപ്പിൽ നിന്നും നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

സർക്കാർ മെഡിക്കൽ കോളേജുകളിൽ കോവിഡ് രോഗം സ്ഥിരീകരിക്കുന്നവർക്ക് ഐ.പി കെയർ, ഐ.സി.യു കെയർ, വെന്റിലേറ്റർ കെയർ, ഓക്സിജൻ ബെഡ് മുതലായ ചികിത്സാ സൗകര്യങ്ങൾ രോഗാവസ്ഥയ്ക്കനുസരിച്ച് നൽകി വരുന്നു. എല്ലാ വിഭാഗം ജീവനക്കാർക്കും മെഡിക്കൽ വിദ്യാർത്ഥികൾക്കും കോവിഡ് പ്രതിരോധിക്കുന്നതിനും ചികിത്സിക്കുന്നതിനും ആവശ്യമായ പരിശീലനങ്ങൾ നൽകിയിട്ടുണ്ട്. മറ്റ് ആശുപത്രികളിൽ നിന്നും റഫർ ചെയ്യുന്ന രോഗികൾക്ക് വേണ്ട ചികിത്സ ലഭ്യമാക്കുന്നുമുണ്ട്.

സെക്ഷൻ ഓഫീസർ